REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി: 31-12-2024** **സമയം 12.30 PM**

## പ്രധാന വാർത്തകൾ

- ശ്രീനാരായണ ഗുരുവിനെ സനാതന ധർമ്മത്തിന്റെ വക്താവാക്കാൻ ശ്രമം നടക്കുകയാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.
- പുതുവർഷത്തെ വരവേൽക്കാൻ നാടും നഗരവുമൊരുങ്ങി. ആഘോഷവേളയിൽ ക്രമസമാധാനവും സ്വൈര്യജീവിതവും ഉറപ്പാക്കാൻ DGP യുടെ നിർദ്ദേശം.
- MT വാസുദേവൻ നായർ അനുസ്മരണ സമ്മേളനം വൈകിട്ട് മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ഉദ്ഘാടനം ചെയ്യും.
- വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കാൻ കേന്ദ്രം കാലതാമസം വരുത്തിയതായി മന്ത്രി K.രാജൻ.
- 78-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് ബംഗാളിനെ നേരിടും.

## വാർത്തകൾ വിശദമായി

ശ്രീനാരായണ ഗുരുവിനെ സനാതന ധർമ്മത്തിന്റെ വക്താവാക്കാൻ ശ്രമം നടത്തുകയാണെന്നും, യഥാർത്ഥത്തിൽ സനാതന ധർമ്മത്തെ ഉടച്ചുവാർത്തയാളാണ് ശ്രീനാരായണ ഗുരുവെന്നും മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. സനാതന ധർമ്മത്തിന്റെ വക്താവോ പ്രയോക്താവോ അല്ല അദ്ദേഹമെന്നും ആ പ്രചാരണം തിരുത്തേണ്ടതാണെന്നും 92-ാമത് ശിവഗിരി തീർത്ഥാടന മഹാസമ്മേളനം ഉദ്ഘാടനം ചെയ്യവെ മുഖ്യമന്ത്രി

പറഞ്ഞു. മനുഷ്യന്റെ ജാതി മനുഷ്യത്വമാണെന്ന സന്ദേശമാണ് ഗുരുവിന്റേതെന്ന് മുഖ്യമന്ത്രി ഓർമ്മിപ്പിച്ചു.

തീർത്ഥാടനത്തോടനുബന്ധിച്ച് കൃഷി- കൈത്തൊഴിൽ വ്യവസായം- ടൂറിസം സമ്മേളനം കേന്ദ്രമന്ത്രി ഗജേന്ദ്ര സിംഗ് ശെഖാവത്ത് ഉച്ച കഴിഞ്ഞ് ഉദ്ഘാടനം ചെയ്യും.

✪✪✪

പുത്തൻ പ്രതീക്ഷകളുമായി പുതുവർഷത്തെ വരവേൽക്കാൻ നാടും നഗരവുമൊരുങ്ങി. ഓരോ പുതിയ തുടക്കവും പ്രതീക്ഷകളുടേതും പ്രത്യാശയുടേതുമാണ്. എല്ലാ പുതുവത്സരം തുടങ്ങുമ്പോഴും പുതിയ സ്വപ്നങ്ങളും ലക്ഷ്യങ്ങളുമാണ് നാം മനസ്സിൽ കുറിക്കുന്നത്.

ഇന്ത്യൻ സമയം ഉച്ചയ്ക്ക് മൂന്നരയ്ക്ക് കിരിബാത്തി ദ്വീപിലാണ് ആദ്യം പുതുവർഷം പിറക്കുക. നാലരയോടെ ന്യൂസിലാൻഡിലും ആറരയോടെ ഓസ്ട്രേലിയയിലെ സിഡ്നിയിലും പുതുവർഷമെത്തും. എട്ടരയോടെ ജപ്പാനും, ഒമ്പതരയോടെ ചൈനയും പുതുവർഷത്തെ വരവേൽക്കും. ഏറ്റവുമൊടുവിൽ പുതുവർഷമെത്തുന്നത് അമേരിക്കയിലെ ജനവാസമില്ലാത്ത ബേക്കർ ദ്വീപ്, ഹൗലാൻഡ് ദ്വീപ് എന്നിവിടങ്ങളിലാണ്.

✪✪✪

പുതുവത്സരാഘോഷവേളയിൽ ക്രമസമാധാനവും സ്വൈരജീവിതവും ഉറപ്പാക്കുന്നതിന് കർശന നടപടി സ്വീകരിക്കാൻ സംസ്ഥാന പോലീസ് മേധാവി എല്ലാ ജില്ലാ പോലീസ് മേധാവികൾക്കും നിർദേശം നൽകി.

പ്രധാന വിനോദ സഞ്ചാരകേന്ദ്രങ്ങളിലും ആളുകൾ കൂടുതലായി കൂടുന്ന ഇടങ്ങളിലും ഡ്രോൺ നിരീക്ഷണം ശക്തമാക്കും. ഗതാഗത നിയമങ്ങൾ ലംഘിക്കുന്നവർക്കെതിരെ കർശനനടപടി സ്വീകരിക്കും. മദ്യപിച്ച് വാഹനമോടിക്കുക, അമിതവേഗം, അശ്രദ്ധയോടെ വാഹനമോടിക്കുക, പ്രായപൂർത്തിയാകാത്തവരുടെ ഡ്രൈവിംഗ്, അഭ്യാസപ്രകടനങ്ങൾ എന്നിവ ബോർഡർ സീലിംഗിലൂടെയും കർശന വാഹനപരിശോധനയിലൂടെയും തടയും.

കോഴിക്കോട്ട് വൈകീട്ട് 5.00 മുതൽ ഗാന്ധി റോഡിനും വലിയങ്ങാടി ജംഗ്ഷനും ഇടയിൽ വരെ വാഹനഗതാഗതം അനുവദിക്കില്ല. ബീച്ചിലേക്ക് വരുന്നവർ നാളെ പുലർച്ചെ ഒരു മണിയ്ക്കകം തിരിച്ചുപോകണമെന്നും പൊലീസ് അറിയിച്ചു.

പുതുവത്സരാഘോഷങ്ങൾ അതിരു കടക്കാതിരിക്കാൻ കണ്ണൂർ ജില്ലയിൽ വാഹന പരിശോധന കർശനമാക്കി.

താമരശ്ശേരി ചുരത്തിൽ പുതുവത്സരാഘോഷവുമായി ബന്ധപ്പെട്ട ഗതാഗതക്കുരുക്ക് ഒഴിവാക്കാൻ പോലീസ് നിയന്ത്രണം ഏർപ്പെടുത്തി. ഇന്ന് വൈകീട്ട് മുതൽ നാളെ പുലർച്ചെ വരെ ചുരത്തിൽ പാതയോരത്തെ വാഹന പാർക്കിങ് പൂർണ്ണമായി നിരോധിച്ചു.

താമരശ്ശേരി ചുരം വ്യൂ പോയിന്റിൽ രാത്രി പത്ത് മണി വരെ മാത്രമേ സഞ്ചാരികളെ ഇറങ്ങി നിൽക്കാൻ അനുവദിക്കൂ. ചുരംപാതയോരത്തെ തട്ടുകടകൾ ഉൾപ്പെടെ  രാത്രി ഒമ്പത് മണിയ്ക്ക് ശേഷം അടയ്ക്കാനും നിർദേശം നൽകി. ചരക്കു ലോറികൾ ഉൾപ്പെടെയുള്ള ഭാരവാഹനങ്ങൾക്ക് നിയന്ത്രണമുണ്ടാകും.

✪✪✪

അന്തരിച്ച എഴുത്തുകാരനും സംവിധായകനും തിരക്കഥാകൃത്തുമായ MT വാസുദേവൻ നായർക്ക് സംസ്ഥാന ഗവൺമെന്റിന്റെ ആദരം. സാംസ്കാരിക വകുപ്പ് സംഘടിപ്പിക്കുന്ന അനുസ്മരണസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ വൈകിട്ട് ഉദ്ഘാടനം ചെയ്യും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി രെജു കോലിയക്കോട് .

....(വോയ്സ്).......

✪✪✪

കൊച്ചി കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ തലയടിച്ചുവീണു ഗുരുതര പരിക്കേറ്റ ഉമ തോമസ് MLA യുടെ ആരോഗ്യസ്ഥിതിയിൽ ആശാവഹമായ പുരോഗതിയുണ്ടെന്ന് മെഡിക്കൽ സംഘം അറിയിച്ചു. MLA അപകടാവസ്ഥ തരണം ചെയ്തിട്ടില്ലെങ്കിലും, അതീവ ഗുരുതരാവസ്ഥയിലല്ല. വെന്റിലേറ്ററിൽ  തന്നെ തുടരുകയാണെങ്കിലും, അവരെ ആശുപത്രിയിൽ സന്ദർശിച്ച  മകൻ ആവശ്യപ്പെട്ട പ്രകാരം കണ്ണ് തുറക്കുകയും കൈകാലുകൾ ചലിപ്പിക്കുകയും ചെയ്തു.

ശ്വാസകോശത്തിലെ അണുബാധ കുറയാൻ കൂടുതൽ സമയം ആവശ്യമാണെന്നും, സെഡേഷൻ ക്രമാനുഗതമായി കുറച്ചുകൊണ്ടുവരുമെന്നും ഡോക്ടർമാർ പറഞ്ഞു.

✪✪✪

യെമനിൽ വധശിക്ഷക്കു വിധിച്ച ഇന്ത്യൻ നഴ്സ് നിമിഷ പ്രിയയുടെ മോചനത്തിന് ആവശ്യമായ എല്ലാ സഹായവും ഗവൺമെന്റ് നൽകുന്നുണ്ടെന്ന് കേന്ദ്ര വിദേശകാര്യ മന്ത്രാലയം അറിയിച്ചു. യെമനിലെ

സംഭവവികാസങ്ങൾ പരിശോധിച്ചുവരികയാണെന്ന് വിദേശകാര്യ വക്താവ് രൺധീർ ജയ്-സ്വാൾ പറഞ്ഞു.

✪✪✪

കേന്ദ്ര പ്രത്യക്ഷ നികുതി ബോർഡ് (CBDT) വിവാദ് സേ വിശ്വാസ് പദ്ധതിയുടെ സമയപരിധി അടുത്തമാസം 31 വരെ നീട്ടി. ആദായനികുതി വകുപ്പുമായി നിലനിൽക്കുന്ന തർക്കങ്ങൾ പരിഹരിക്കാൻ നികുതിദായകരെ സഹായിക്കുന്നതിന് കഴിഞ്ഞ ബജറ്റ് പ്രസംഗത്തിൽ കേന്ദ്ര ധനമന്ത്രി നിർമ്മല സീതാരാമനാണ് വിവാദ് സേ വിശ്വാസ് പദ്ധതി പ്രഖ്യാപിച്ചത്.

✪✪✪

പ്രയാഗ്-രാജ് കുംഭമേളയ്ക്ക് 3,000 പ്രത്യേക ട്രെയിനുകൾ ഓടിക്കുമെന്ന് റെയിൽവെ അറിയിച്ചു. ഓരോ ദിവസവും പത്ത് ലക്ഷം തീർത്ഥാടകർക്ക് സഞ്ചാര സൗകര്യം ലഭ്യമാക്കാൻ ഇതുവഴി റെയിൽവെയ്ക്ക് കഴിയുമെന്ന് നോർത്ത് സെൻട്രൽ റെയിൽവെ ജനറൽ മാനേജർ  പറഞ്ഞു.

✪✪✪

വയനാട് മുണ്ടക്കൈ ഉരുൾപൊട്ടൽ അതിതീവ്ര ദുരന്തമായി പ്രഖ്യാപിക്കാൻ കേന്ദ്രം കാലതാമസം വരുത്തിയതായി മന്ത്രി K.രാജൻ  കുറ്റപ്പെടുത്തി. നിരന്തരം കത്തയച്ചതിനു ശേഷം  154 ദിവസം കഴിഞ്ഞാണ്  ഇപ്പോഴത്തെ പ്രഖ്യാപനം. ഇത്രയും കാലതാമസം എന്തിനാണെന്ന് മനസ്സിലാവുന്നില്ലെന്നും മന്ത്രി പറഞ്ഞു.

ജനങ്ങളോടും, ജനാധിപത്യ മൂല്യങ്ങളോടും നടത്തുന്ന വെല്ലുവിളിയാണിത്. കേരളം ആവശ്യപ്പെട്ട മൂന്നു കാര്യങ്ങളിൽ ഒന്നു മാത്രമാണ് കേന്ദ്രം അംഗീകരിച്ചതെന്നും ദുരന്തബാധിതരുടെ കടം എഴുതിതള്ളാൻ കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിച്ചില്ലെന്നും  മന്ത്രി  പറഞ്ഞു.

✪✪✪

കേരളത്തെ മിനി പാകിസ്ഥാനെന്ന് ആക്ഷേപിച്ച മഹാരാഷ്ട്ര മന്ത്രി നിതേഷ് റാണയുടെ പ്രസ്താവന പ്രകോപനപരവും അപലപനീയവുമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ വിലയിരുത്തി. വിദ്വേഷ പ്രചാരണവും, അപരവത്ക്കരണവും വഴി കേരളത്തെ ഒറ്റപ്പെടുത്താനാണ് ഇത്തരം പ്രസ്താവനകളെന്ന് അദ്ദേഹം പറഞ്ഞു. ഗുരുതരമായ സത്യപ്രതിജ്ഞാലംഘനമാണ് മന്ത്രിയുടേതെന്നും പിണറായി വിജയൻ പ്രസ്താവനയിൽ അറിയിച്ചു.

✪✪✪

സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി സ്വർണകപ്പ് ഘോഷയാത്ര കാസർകോട് ജില്ലയിലെ കാഞ്ഞങ്ങാട് ദുർഗ ഹയർ

സെക്കണ്ടറി സ്കൂളിൽ നിന്ന് ആരംഭിച്ചു. എല്ലാ ജില്ലകളിലൂടെയും സഞ്ചരിച്ച് ജനുവരി മൂന്നിന് വൈകിട്ട് കലോത്സവത്തിന്റെ പ്രധാന വേദിയായ തിരുവനന്തപുരം സെന്റർ സ്റ്റേഡിയത്തിൽ യാത്ര എത്തിച്ചേരും. എല്ലാ ജില്ലകളിലും ഘോഷയാത്രക്ക് സ്വീകരണം ഏർപ്പെടുത്തിയിട്ടുണ്ട്. ജനുവരി നാല് മുതൽ എട്ടു വരെയാണ് 63-ാമത് സ്കൂൾ കലോത്സവം.

✪✪✪

78-ാം സന്തോഷ് ട്രോഫി ഫുട്ബോൾ ഫൈനലിൽ കേരളം ഇന്ന് ബംഗാളിനെ നേരിടും. ഹൈദരാബാദ് ബാലയോഗി സ്റ്റേഡിയത്തിൽ വൈകിട്ട് ഏഴരയ്ക്കാണ് മത്സരം.

സെമിയിൽ മണിപ്പൂരിനെ ഒന്നിനെതിരെ അഞ്ച് ഗോളിന് തോൽപ്പിച്ചാണ് കേരളം ഫൈനലിലെത്തിയത്. 16-ാം തവണയാണ് കേരളം സന്തോഷ്ട്രോഫി ഫൈനലിൽ കളിക്കുന്നത്.

നിലവിൽ ചാമ്പ്യന്മാരായ സർവീസസിനെ രണ്ടിനെതിരെ നാല് ഗോളിന് തോൽപ്പിച്ച് ഫൈനലിലെത്തിയ ബംഗാളിന്റെ 48-ാം ഫൈനൽ മത്സരമാണിത്.

✪✪✪

39-ാമത് ദേശീയ സീനിയർ ഫെൻസിങ് ചാമ്പ്യൻഷിപ്പിന് കണ്ണൂരിൽ തുടക്കമായി. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയത്തിൽ മന്ത്രി രാമചന്ദ്രൻ കടന്നപ്പള്ളി ഉദ്ഘാടനം ചെയ്തു.

കേരള സ്പോർട്സ് കൗൺസിലിന്റെ സഹകരണത്തോടെ സംഘടിപ്പിക്കുന്ന ചാമ്പ്യൻഷിപ്പിൽ 26 സംസ്ഥാനങ്ങളിലെയും കേന്ദ്ര ഭരണ പ്രദേശങ്ങളിലെയും സർവ്വീസസിന്റെയും ടീമുകൾ ഉൾപ്പെടെ 700 ഓളം കായിക താരങ്ങൾ പങ്കെടുക്കുന്നുണ്ട്. ഉത്തരാഖണ്ഡിലെ 38-ാമത് ദേശീയ ഗെയിംസിന്റെ സെലക്ഷൻ മത്സരം കൂടിയാണ് ഈ ചാമ്പ്യൻഷിപ്പ്.

✪✪✪

മനസാക്ഷിയെ ഞെട്ടിച്ച ക്രൂരമായ കൊലപാതകം ചെയ്തവരുടെ കൂടെയാണ് സംസ്ഥാന ഗവൺമെന്റെന്ന് പ്രതിപക്ഷ നേതാവ് V.D സതീശൻ ആരോപിച്ചു. ജയിലിലെ ക്വട്ടേഷൻ സംഘത്തെ CPIM നും ഗവൺമെന്റിനും പേടിയാണെന്നും കൊടിസുനിക്ക് പരോൾ അനുവദിക്കാനെടുത്ത തീരുമാനത്തോട് അദ്ദേഹം കൊച്ചിയിൽ പ്രതികരിച്ചു

വീണ് പരുക്കേറ്റ് കൊച്ചിയിലെ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന ഉമ തോമസ് MLA യെ സന്ദർശിച്ച ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സംസ്ഥാനത്ത് മനുഷ്യ വന്യജീവി സംഘർഷം തടയാൻ സംസ്ഥാന ഗവൺമെന്റ് ഒരു ഇടപെടലും നടത്തുന്നില്ലെന്നും പ്രതിപക്ഷ നേതാവ്

കുറ്റപ്പെടുത്തി. വനാതിർത്തിയിൽ കഴിയുന്ന ജനങ്ങൾ ജീവഭയത്താലാണ് ഓരോ ദിവസവും തള്ളിനീക്കുന്നതെന്നും സതീശൻ പറഞ്ഞു.

✪✪✪

KSRTC യുടെ നൂതന സംരംഭമായ KSRTC റോയൽ വ്യൂ ഡബിൾ ഡെക്കർ സർവ്വീസ് ഇന്ന് മന്ത്രി KB ഗണേഷ് കുമാർ തിരുവനന്തപുരത്ത് ഫ്ളാഗ് ഓഫ് ചെയ്യും. യാത്രക്കാർക്ക് നഗരക്കാഴ്ച പൂർണ്ണമായും ആസ്വദിക്കാൻ കഴിയുന്ന തരത്തിൽ ട്രാൻസ്പാരന്റ് ഡബിൾ ഡെക്കർ ബസ് മൂന്നാറിലായിരിക്കും സർവ്വീസ് നടത്തുക.

✪✪✪

കോഴിക്കോട് സ്വദേശിയായ സൈനികൻ വിഷ്ണുവിനെ കാണാതായ വിഷയം മഹാരാഷ്ട്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുമെന്ന് കേന്ദ്രസഹമന്ത്രി ജോർജ് കുര്യൻ പറഞ്ഞു. ഇന്നലെ സൈനികന്റെ പാവങ്ങാട്ടെ വീട് സന്ദർശിച്ച ശേഷമാണ് അദ്ദേഹം ഇക്കാര്യമറിയിച്ചത്.

✪✪✪

ദേശീയപാതാ നിർമ്മാണത്തിനായി കോഴിക്കോട് ചേളന്നൂർ പോഴിക്കാവ് കുന്നിടിച്ച് അശാസ്ത്രീയമായി മണ്ണെടുക്കുന്നതിനെതിരെ പ്രതിഷേധിച്ച ജനപ്രതിനിധികൾക്കും നാട്ടുകാർക്കും പോലീസിന്റെ മർദനമേറ്റ സംഭവത്തിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ സ്വമേധയാ കേസെടുത്തു. പത്രവാർത്തയുടെ അടിസ്ഥാനത്തിലാണ് കമ്മീഷൻ സ്വമേധയാ കേസെടുത്തത്.

ഒരാഴ്ചക്കകം അന്വേഷണ റിപ്പോർട്ട് സമർപ്പിക്കണമെന്ന് ആവശ്യപ്പെട്ട് റൂറൽ ജില്ലാ പോലീസ് മേധാവിക്ക് കമ്മീഷൻ ജുഡീഷ്യൽ അംഗം കെ.ബൈജുനാഥ് നോട്ടീസയച്ചു.

✪✪✪

തളിപ്പറമ്പിൽ ഫെബ്രുവരി ഒന്നിന് ആരംഭിക്കുന്ന CPIM കണ്ണൂർ ജില്ലാ സമ്മേളനത്തിന്റെ ഭാഗമായി നാളെ ജില്ലയിലെ വിവിധ കേന്ദ്രങ്ങളിലായി വിമുക്ത ഭടന്മാരുടെ സംഗമവും ആദരവും സംഘടിപ്പിക്കുമെന്ന് പാർട്ടി ജില്ലാ സെക്രട്ടറി MV ജയരാജൻ അറിയിച്ചു.

സ്തുത്യർഹ സേവനത്തിനു ശേഷം വിരമിച്ചവരെ ആദരിക്കുന്നത് അഭിമാനകരമാണെന്നും അദ്ദേഹം പറഞ്ഞു.

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട തുറന്നു. പുലർച്ചെ മൂന്നിന് പൂജകൾ ആരംഭിച്ചു.

ജനുവരി 14-നാണ് മകരവിളക്ക്. ജനുവരി 19 വരെ തീർത്ഥാടകർക്ക് ദർശനം സാധ്യമാകും. ജനുവരി 20ന് രാവിലെ നടയടയ്ക്കും.

✪✪✪

മകരവിളക്ക് മഹോത്സവത്തിനായി ശബരിമല നട തുറന്നു. പുലർച്ചെ മൂന്നിന് പൂജകൾ ആരംഭിച്ചു.

ജനുവരി 14-നാണ് മകരവിളക്ക്. ജനുവരി 19 വരെ തീർത്ഥാടകർക്ക് ദർശനം സാധ്യമാകും. ജനുവരി 20ന് രാവിലെ നടയടയ്ക്കും.

✪✪✪

ഹജ്ജിന് തിരഞ്ഞെടുക്കപ്പെട്ട് രേഖകൾ സമർപ്പിച്ചവർ രണ്ടാം ഗഡു തുകയായ ഒരു ലക്ഷത്തി ,42,000 രൂപ അടക്കുന്നതിന് സമയം അടുത്തമാസം 6 വരെ നീട്ടിയതായി കേന്ദ്ര ഹജ്ജ് കമ്മിറ്റി  അറിയിച്ചു.

വെയ്റ്റിങ് ലിസ്റ്റിൽ നിന്നും സർക്കുലർ നമ്പർ 13 പ്രകാരം തിരഞ്ഞെടുക്കപ്പെട്ടവർക്ക് പണമടക്കുന്നതിന് അവസാന തിയ്യതിയും ജനുവരി 6 വരെ നീട്ടി.

✪✪✪